**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** **23-02-2022 - ൽ മറുപടിയ്ക്ക്**

**റോഡിന് ബാലരാമപുരം സ്പിന്നിംഗ് മില്ലിന്റെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോവളം നിയോജക മണ്ഡലത്തിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്പിന്നിംഗ് മില്ലിന്റെ വലതുവശത്തു കൂടി കടന്നുപോകുന്ന ഐത്തിയൂർ ഭഗവതി നട റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാൽ സ്പിന്നിങ് മില്ലിന്റെ മതിൽ പൊളിച്ച് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കമ്പനിയുടെ മതിൽ മാറ്റി സ്ഥാപിക്കുന്നതിന് നാളിതുവരെ യാതൊരുവിധ തീരുമാനങ്ങളും ഉണ്ടായിട്ടില്ല. പ്രസ്തുത ഭാഗത്തെ റോഡ് നിലവിൽ വലിയ വാഹനങ്ങൾ പോകുന്ന തരത്തിൽ ഗതാഗതയോഗ്യമാണ്. ഉദ്ദേശം 300മീറ്റർ നീളത്തിൽ 15 അടി ഉയരത്തിൽ ഉള്ള ഈ ഭാഗത്തെ കരിങ്കൽ മതിൽ പൊളിച്ചു മാറ്റിയാൽ കമ്പനിയുടെ കോമ്പൗ ണ്ടിനുള്ളിൽ കൂടി കമ്പനിയുടെ ലോഡിങ് സ്ഥലത്തേക്കുള്ള ട്രെയ്‌ലർ ലോറികളുടെ ഗതാഗതം പൂർണ്ണമായും തടസ്സപ്പെടുന്നതിനൊപ്പം തന്നെ കമ്പനിയുടെ സുരക്ഷയ്ക്കും ഭീഷണിയാണ്. |
| (ബി) | ഇത് സംബന്ധിച്ച് പ്രദേശവാസികൾ 2017 മുതൽ 2021 വരെ സമർപ്പിച്ച നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച നിവേദനങ്ങളൊന്നും തന്നെ പ്രസ്തുത കാലയളവിൽ പ്രദേശ വാസികളിൽ നിന്നും കമ്പനിയ്ക്കോ വ്യവസായ വകുപ്പിനോ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ